കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 മാർച്ച് 8, വ്യാഴം

വാല്യം 113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ: 13

നിയമസഭ 2001 മാർച്ച് മാസം 8 -ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ ..... ചോദ്യം (286) അവസാനത്തെ ദിവസത്തെ ആദ്യ ചോദ്യം മുഖ്യമന്ത്രിക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

സ്വാതന്ത്ര്യ സമര സേനാനികളുടെ മക്കൾക്ക് ജോലിയിൽ മുൻഗണന

1 (*286) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര സേനാനികൾക്ക് പെൻഷൻ അനുവദിക്കുന്നത് കൂടാതെ എന്തെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാന സർക്കാർ നൽകുന്നത് എന്നറിയാമോ ;

(ബി) ഇവരുടെ മക്കൾക്ക് സർക്കാർ ജോലി നൽകുന്നതിൽ എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : (എ) സ്വാതന്ത്ര്യ സമര സേനാനികൾക്ക് പെൻഷൻ കൂടാതെ താഴെപ്പറയുന്ന ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട് :

1. 6/2000 മുതൽ പെൻഷന്റെ 7 ശതമാനം നിരക്കിൽ ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്.

2. മരണാന്തര ചടങ്ങുകൾക്ക് അനുവദിച്ചിരുന്ന 1000 രൂപ 3000 രൂപയായി വർദ്ധിപ്പിച്ചു.

3. കെ. എസ്. ആർ. ടി. സി. യുടെ എല്ലാത്തരം ബസ്സുകളിലും സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ വിധവകൾക്കും സൗജന്യ യാത്രാ സൗകര്യം അനുവദിച്ചിട്ടുണ്ട്.

4. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷം പ്രമാണിച്ച് സ്വാതന്ത്ര്യ സമര സേനാനികൾക്ക് സൗജന്യ ധനസഹായ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

5. സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും സർക്കാർ ആശുപത്രികളിൽ മെഡിക്കൽ കാർഡിന്റെ അടിസ്ഥാനത്തിൽ സൗജന്യ വൈദ്യസഹായം നൽകിവരുന്നു. ഇതിനു പുറമേ മരുന്നുകൾക്ക് റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യവും ലഭ്യമാണ്. കൂടാതെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിൽസയ്ക്ക് റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

6. സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ വിധവകൾക്കും ഗാർഹിക വൈദ്യുതി കണക്ഷൻ സ്പെഷ്യൽ കാറ്റഗറിയിൻ കീഴിൽ ലഭിക്കുന്നതിന് (out of turn priority) അർഹതയുണ്ട്.

7. സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ പെൻഷൻ ലഭിക്കുന്ന വിധവകൾക്കും Non OYT/SWS വിഭാഗത്തിൻ കീഴിൽ സാങ്കേതിക സാദ്ധ്യതകൾക്ക് വിധേയമായി ഒരു ടെലിഫോൺ കണക്ഷൻ ലഭിക്കുന്നതിനും അർഹതയുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. നാലകത്ത് സൂപ്പി : നമ്മുടെ രാജ്യത്തിനുവേണ്ടി സേവനം ചെയ്ത ആളുകൾ എന്നുള്ള നിലയിൽ പ്രായാധിക്യംമൂലം ധനസഹായം ആവശ്യമുള്ള കാലഘട്ടത്തിൽ അവരുടെ മക്കൾക്ക് സർക്കാർ ജോലിയിൽ സംവരണം ഏർപ്പെടുത്തി സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : അതിനുള്ള പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

ശ്രീ. നാലകത്ത് സൂപ്പി : ഡൈയിംഗ് ഇൻ ഹാർനസ്സ് ഉണ്ട്. വിമുക്തഭടന്മാർക്ക് സംവരണമുണ്ട്, അതേ തോതിൽ എന്തെങ്കിലും ആനുകൂല്യമോ എന്തെങ്കിലും പരിഗണനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിലോ പ്രാദേശികമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങളിലോ കൊടുത്താൽ ആശ്വാസമായിരിക്കും. ഇക്കാര്യമെങ്കിലും പരിഗണിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : തീർച്ചയായിട്ടും ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ നിലവിൽ ഇല്ലെന്ന് പറഞ്ഞാൽ പിന്നെ പരിഗണനയിലില്ല.

ശ്രീ. എം. കെ. മുനീർ : ഇവിടെ നാലകത്ത് സൂപ്പി പറഞ്ഞതുപോലെ സ്വാതന്ത്ര്യ സമരസേനാനികൾ എണ്ണത്തിൽ കുറവായതുകൊണ്ടുതന്നെ അവരുടെ മക്കൾക്ക് ഡൈയിംഗ് ഇൻ ഹാർനസ്സ് അല്ലെങ്കിൽ അതുപോലെയുള്ള എന്തെങ്കിലും പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നതിന് സർക്കാർ മുന്നോട്ടു വരുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇപ്പോൾ അതല്ല ചോദ്യം. സ്വാതന്ത്ര്യ സമര സേനാനികളുടെ മക്കൾക്ക് ജോലി നൽകുന്നതിന് മുൻഗണനയൊന്നും ഇപ്പോൾ നൽകുന്നില്ല. ഇക്കാര്യത്തിൽ ഒരു നിർദ്ദേശവും നിലവിലില്ലെന്ന് ഞാൻ നേരത്തേ പറഞ്ഞിരുന്നു.

ശ്രീ. എം. കെ. മുനീർ : ഇപ്പോൾ അവരുടെ ആശ്രിതർക്ക് നൽകിവരുന്ന മുൻഗണനയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ചുള്ള ഒരു ലിസ്റ്റുതന്നെ ഇവിടെ പറയുകയുണ്ടായി. സ്വാതന്ത്ര്യ സമരസേനാനികൾ ജീവിച്ചിരിക്കുമ്പോഴാണ് ഇവർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. മരണാനന്തരം അവരുടെ ആശ്രിതർക്ക് ഈ ലിസ്റ്റിൽ പറഞ്ഞിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുമോ ?

ശ്രീ. ഇ. കെ. നായനാർ : ലഭ്യമാകുന്ന കാര്യം പരിഗണനയിൽ ഇല്ലല്ലോ.

ശ്രീ. പി. രാജു : സംസ്ഥാനത്ത് സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ നൽകിയിരുന്നതുപോലെ സ്വാതന്ത്ര്യസമരകാലത്തെ ഖാദി പ്രവർത്തകർക്ക് പെൻഷൻ നൽകിയിരുന്നു. ഇപ്പോൾ അതു നിറുത്തലാക്കി എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഖാദി പ്രവർത്തകർക്ക് നൽകി വന്നിരുന്ന പെൻഷൻ പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : അതിന് ഖാദിയെ സംബന്ധിച്ചുള്ള പ്രത്യേക ചോദ്യം ചോദിക്കണം. ഇത് സ്വാതന്ത്ര്യ സമരസേനാനികളെ സംബന്ധിച്ചുള്ള ചോദ്യമാണ്.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ കൂടാതെ നൽകുന്ന മറ്റു ആനുകൂല്യങ്ങളെക്കുറിച്ച് ഇവിടെ പറയുകുണ്ടായി. സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്ന സ്വാതന്ത്ര്യ സമരസേനാനികളിൽ കേന്ദ്രഗവൺമെന്റിന്റെ പെൻഷന് അപേക്ഷിച്ചവരിൽ എത്ര പേർക്കു കൂടി പെൻഷൻ കിട്ടുന്നതിന് ഫയൽ കെട്ടിക്കിടപ്പുണ്ടെന്ന് പറയാൻ കഴിയുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇക്കാര്യം ചോദ്യത്തിലില്ലല്ലോ. ഇതിൽ രണ്ടു ചോദ്യം മാത്രമേ ഉള്ളൂ. മക്കൾക്കു ജോലി നൽകുമോ ? ഇല്ല. ഇല്ലെങ്കിൽ പരിഗണിക്കുമോ ? തീർന്നു. കേന്ദ്രത്തെപ്പറ്റി ഇതിൽ ഒന്നുമില്ല. ഇവിടെ ചോദ്യമുള്ളത് ഇവരുടെ മക്കൾക്ക് സർക്കാർ ജോലി നൽകുന്നതിൽ എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്നാണ്. ഇല്ല എന്ന് പറഞ്ഞാൽ പിന്നെ തീർന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ ഗവൺമെന്റാണ് സ്വാതന്ത്ര്യ സമരസേനാനികളുടെ സ്റ്റേറ്റ് പെൻഷൻ ആയിരം രൂപയിൽനിന്നും രണ്ടായിരം രൂപയായും പിന്നീട് മൂവായിരം രൂപയായും വർദ്ധിപ്പിച്ചത്. അതുപോലെ അവരുടെ നിരവധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത് നായനാർ സർക്കാരാണ്. അതിന്റെ നന്ദി കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾക്കും അവരുടെ കുടുംബങ്ങൾക്കും ഉണ്ട്. രണ്ടായിരം രൂപ മൂവായിരം രൂപയായി വർദ്ധിപ്പിച്ചത് ചില സ്ഥലങ്ങളിൽ വിതരണം ചെയ്യാൻ കഴിഞ്ഞെങ്കിലും എ.ജി. യുടെ ഓഫീസിൽ നിന്നും ഉള്ള 'നോ ഒബ്ജക്ഷന്റെ' അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള ചില സ്ഥലങ്ങളിൽ അത് കിട്ടിയില്ല. ആ മൂവായിരം രൂപ എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : വർദ്ധിപ്പിച്ച പെൻഷൻ മൂവായിരമാണല്ലോ ? അത് നിലവിലുള്ള പെൻഷന്റെ 50 ശതമാനത്തോളമുള്ള വർദ്ധനവായതിനാൽ ന്യൂ സർവ്വീസ് നടപടിക്രമത്തിന് വിധേയമായി മാത്രമേ ഇനി വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുകയാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സഹായം യഥാസമയം ലഭിക്കുന്നില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് തക്ക സമയത്ത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : നടപടി സ്വീകരിക്കാം.

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി

2 (*287) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly